**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : 0471-2724696
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/2024 തീയതി.17.07.2024

# സർക്കുലർ

**പ്രിയപ്പെട്ട റിസോഴ്സ് പേഴ്സൺ,**

വിഷയം: സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ വേതനം നിശ്ചയിക്കുന്നതിന്റെ ഭാഗമായുള്ള വർക്ക് സ്റ്റഡി-സംബന്ധിച്ച്

പരാമർശം: (1) 3.07.2024-ലെ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഗവേർണിംഗ് ബോഡി യോഗ തീരുമാനം (10)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിനായി നിയമിതരായ വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവൃത്തിദിന പ്രവർത്തനക്ഷമതയെ സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി വർക്ക് സ്റ്റഡി നടത്തുകയുണ്ടായി. സംസ്ഥാനത്തെ 14 ജില്ലകളെയും ഉൾപ്പെടുത്തിക്കൊണ്ടും ഓരോ ജില്ലയിലേയും വ്യത്യസ്ഥ ഭൂപ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടുമാണ് ഇത്തരമൊരു വർക്ക് സ്റ്റഡി നടത്തിയത്. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിലെ മുഖ്യമായ മനുഷ്യാധ്വാനം അടങ്ങിയ ചുമതലകളായ ഫയൽ പരിശോധന, ഫീൽഡ് പരിശോധന, ഗ്രാമസഭാ റിപ്പാർട്ട് തയ്യാറാക്കൽ, ഗ്രാമസഭാ യോഗങ്ങളുടെ സംഘാടനം, നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട് ആവശ്യമായ മനുഷ്യാധ്വാനമാണ് പഠനത്തിന് വിധേയമാക്കിയത്. അതോടൊപ്പം ഒരു വില്ലേജ് റിസോഴ്സ് പേഴ്സണ് ഒരു ദിവസം ആറ് പ്രവൃത്തി മണിക്കൂർ വിനിയോഗിച്ചാൽ എത്ര അളവിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം നടത്താൻ കഴിയും രണ്ട് പേരടങ്ങിയ ഒരു ടീമിന് എത്ര അളവിൽ പ്രവർത്തനം നടത്തുന്നതിന് കഴിയും എന്നും പഠനവിധേയമാക്കുകയുണ്ടായി.

പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും വിധം ഒരു വില്ലേജ് റിസോഴ്സ് പേഴ്സന്റെയും രണ്ട് പേരടങ്ങിയ ഒരു ടീമിന്റെയും പ്രവർത്തനക്ഷമതയും ഒരു നിശ്ചിതകാലത്തെ പ്രവർത്തന ഫലവും കണക്കാക്കി പരാമർശം (1) പ്രകാരം കൂടിയ സോഷ്യൽ ഓഡിറ്റ് ഗവേർണിംഗ് ബോഡി യോഗം താഴെപ്പറയും പ്രകാരം തീരുമാനിക്കുകയുണ്ടായി.

1. **ഫയൽ വെരിഫിക്കേഷൻ (ഭൂമിശാസ്ത്രപരമായ വ്യത്യാസം ഇല്ല. എല്ലാ പഞ്ചായത്തുകൾക്കും ബാധകം)**

   a. വ്യക്തിഗത ഗുണഭോക്തൃ പ്രോജക്ടുകൾ:

   - രണ്ട് പേരടങ്ങിയ ടീം ഏറ്റവും കുറഞ്ഞത് 24 ഫയലുകളുടെ പരിശോധന ഒരു ദിവസം നടത്തേണ്ടതാണ്. (ഒരാൾ ശരാശരി 12 ഫയലുകൾ)

   b. ഗ്രൂപ്പ് വർക്കുകൾ, ഭൂവികസന പ്രോജക്ടുകൾ ഉൾപ്പെടെ:

   - രണ്ട് പേരടങ്ങിയ ടീം ഏറ്റവും കുറഞ്ഞത് 12 ഫയലുകളുടെ പരിശോധന ഒരു ദിവസം നടത്തേണ്ടതാണ് ( ഒരാൾ ശരാശരി 6 ഫയലുകൾ)

2. **ഫീൽഡ് വെരിഫിക്കേഷൻ:**

**2.1 തീരദേശ പഞ്ചായത്തുകൾ, നഗരവത്കൃതപ്രദേശങ്ങളിലെ പഞ്ചായത്തുകൾ**

a. വ്യക്തിഗത ഗുണഭോക്തൃ പ്രോജക്ടുകൾ (ലൈഫ്/പി.എം.എ.വൈ.(ജി). ഉൾപ്പെടെ)

- രണ്ട് പേരടങ്ങിയ ടീം ഏറ്റവും കുറഞ്ഞത് 20 പ്രോജക്ടുകളുടെ സ്ഥല-പരിശോധന ഒരു ദിവസം നടത്തേണ്ടതാണ് (ഒരാൾ ശരാശരി 10 പ്രവൃത്തികൾ)

b. ഗ്രൂപ്പ് വർക്കുകൾ (ഭൂവികസന പ്രോജക്ടുകൾ ഉൾപ്പെടെ):

- രണ്ട് പേരടങ്ങിയ ടീം ഏറ്റവും കുറഞ്ഞത് 12 പ്രോജക്ടുകളുടെ പരിശോധന നടത്തേണ്ടതാണ്. (ഒരാൾ ശരാശരി 6 പ്രവൃത്തികൾ)

**2.2 ഇടനാട് പ്രദേശങ്ങൾ**

a. വ്യക്തിഗത ഗുണഭോക്തൃ പ്രോജക്ടുകൾ (ലൈഫ്/പി.എം.എ.വൈ.(ജി) ഉൾപ്പെടെ):

- രണ്ട് പേരടങ്ങിയ ടീം ഏറ്റവും കുറഞ്ഞത് 18 പ്രവൃത്തികൾ (ഒരാൾ ശരാശരി 9 പ്രവൃത്തികളുടെ ഫീൽഡ് പരിശോധന)

b. ഗ്രൂപ്പ് വർക്കുകൾ ( ഭൂവികസന പ്രവൃത്തികൾ ഉൾപ്പെടെ):

- രണ്ട് പേരടങ്ങിയ ടീം ഏറ്റവും കുറഞ്ഞത് 10 പ്രവൃത്തികൾ (ഒരാൾ ശരാശരി 5 പ്രവൃത്തികളും അവയുടെ ഫീൽഡുകളും)

**2.3 മലനാട് പ്രദേശങ്ങൾ**

a. വ്യക്തിഗത ഗുണഭോക്തൃ പ്രോജക്ടുകൾ (ലൈഫ്/പി.എം.എ.വൈ.(ജി) ഉൾപ്പെടെ):

- രണ്ട് പേരടങ്ങിയ ടീം ഏറ്റവും കുറഞ്ഞത് 16 പ്രവൃത്തികൾ (ഒരാൾ ശരാശരി 8 പ്രവൃത്തികൾ)

b. ഗ്രൂപ്പ് വർക്കുകൾ (ഭൂവികസന പ്രവൃത്തികൾ ഉൾപ്പെടെ):

- രണ്ട് പേരടങ്ങിയ ടീം ഏറ്റവും കുറഞ്ഞത് 8 പ്രവൃത്തികളും അതുമായി ബന്ധപ്പെട്ട ഫീൽഡുകളും (ഒരാൾ ശരാശരി 4 പ്രവൃത്തികളും അവയുടെ ഫീൽഡുകളും)

**2.4 ഫീൽഡ്/ഫയൽ പരിശോധന സംബന്ധിച്ച സംക്ഷിത വിവരം ചുവടെ ചേർക്കുന്നു (രണ്ട് പേരടങ്ങിയ ഗ്രൂപ്പ്)**

| ഇനം | തീരദേശം/നഗരവത്കൃത പ്രദേശം | ഇടനാട് പ്രദേശം | മലയോര പ്രദേശം (ഗതാഗത സൗകര്യം വേണ്ടത്ര ഇല്ലാത്ത) |
|---|---|---|---|
| വ്യക്തിഗത പ്രവൃത്തികൾ | 20 എണ്ണം | 18 എണ്ണം | 16 എണ്ണം |
| ഗ്രൂപ്പ് പ്രവൃത്തികൾ | 12 എണ്ണം | 10 എണ്ണം | 8 എണ്ണം |

3. **ഫയൽ പരിശോധന (സംക്ഷിപ്തം)**

   a. വ്യക്തിഗത പ്രോജക്ടുകൾ - 24 ഫയലുകൾ
   b. ഗ്രൂപ്പ് പ്രോജക്ടുകൾ - 12 ഫയലുകൾ

4. **ഗ്രാമസഭാ സംഘാടനം, റിപ്പോർട്ട് തയ്യാറാക്കൽ** : ഗ്രാമസഭാ റിപ്പോർട്ട് തയ്യാറാക്കൽ, ഗ്രാമ സഭാ യോഗങ്ങളുടെ നടത്തിപ്പ് എന്നിവയ്ക്കായി ഒരു പ്രവൃത്തി ദിനം കണക്കാക്കി നൽകാവുന്നതാണ്. ഒരു ഗ്രാമസഭയിൽ 150-ലധികം ആളുകളെ പങ്കെടുപ്പിക്കുന്നപക്ഷം സോഷ്യൽ മൊബിലൈസേഷന് ഒരു പ്രവൃത്തി ദിനം പ്രത്യേകമായി കണക്കാക്കി അനുവദിക്കാവുന്നതാണ്.

5. ഒരു വില്ലേജ് റിസോഴ്സ് പേഴ്സൺ ഒരു പ്രവൃത്തി ദിനം ഏറ്റവും കുറഞ്ഞത് 6 മണിക്കൂർ സമയം കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്നും പ്രവർത്തനങ്ങളിലും റിപ്പോർട്ട് തയ്യാറാക്കുന്നതിലും തികഞ്ഞ ഉത്തരവാദിത്വം പുലർത്തുന്നുവെന്നും അതത് ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ മേൽനോട്ടം വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഉണ്ടാകുന്ന ഏതൊരു വീഴ്ചയ്ക്കും സാമ്പത്തിക നഷ്ടത്തിനും ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ഉത്തരവാദിയായിരിക്കും.

വിശ്വസ്തതയോടെ,



**ഡോ.എൻ. രമാകാന്തൻ**
ഡയറക്ടർ

കോപ്പി:

1. എല്ലാ ഡി.ആർ.പിമാർക്കും
2. എല്ലാ ബി.ആർ.പിമാർക്കും (ഡി.ആർ.പി മുഖേന)
3. എല്ലാ വി.ആർ.പി.മാർക്കും (ബി.ആർ.പി.മുഖേന)
4. അക്കൗണ്ട്സ് സെക്ഷൻ, എസ്.എ.യു